ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. നാഷണൽ സർവീസ് സ്കീം അവാർഡുകൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

   President Draupadi Murmu will present the National Service Scheme Awards in New Delhi today.

2. ഉഭയകക്ഷി ബന്ധത്തിൽ തന്ത്രപ്രധാനമായ പങ്കാളിത്തം വർധിപ്പിക്കുന്നതിന് ഇന്ത്യയും ഖത്തറും ധാരണയായി.

   India and Qatar agree to elevate bilateral ties to strategic partnership.

3. ഡൽഹി മുഖ്യമന്ത്രിയെ തിരഞ്ഞെടുക്കുന്നതിനായി ബി ജെ പി നിയമസഭാ കക്ഷി യോഗം ഇന്ന് ന്യൂഡൽഹിയിൽ.

   BJP Legislative Party to meet today in New Delhi to elect Delhi Chief Minister.

4. ഈ വർഷം ഏപ്രിലോടെ കേന്ദ്രഭരണപ്രദേശത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ പൂർണമായി നടപ്പാക്കണമെന്ന് ജമ്മു കാശ്മീർ ഭരണകൂടത്തോട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah has asked the Jammu and Kashmir administration to fully implement the three new criminal laws in the union territory by April this year.

5. പ്രയാഗ്‌രാജ് മഹാകുംഭമേള ഈ മാസം 26 ന് സമാപിക്കും. കുംഭമേള നീട്ടിയെന്ന അഭ്യൂഹങ്ങൾ തള്ളി അധികൃതർ.

**Prayagraj Mahakumbh Mela will conclude on 26th of this month. Authorities dismissed rumors regarding the extension of Kumbh Mela.**

6. ഐസിസി ചാമ്പ്യൻസ് ട്രോഫി മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

**ICC Champions Trophy matches to start today.**

******************************

## MORN. PREZ-QATAR AMIR

ഖത്തറുമായുള്ള ഇന്ത്യയുടെ ബന്ധം നൂറ്റാണ്ടുകളായി നീണ്ടുനിൽക്കുന്ന ചരിത്രത്തിൽ ഊന്നിയുള്ളതാണെന്നു രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യയുമായുള്ള പശ്ചിമേഷ്യയുടെ വാണിജ്യ സാംസ്കാരിക ബന്ധത്തിന്റെ അവിഭാജ്യ ഘടകമാണ് ഖത്തറെന്നും രാഷ്ട്രപതി പറഞ്ഞു. ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽ-താനിയെ രാഷ്ട്രപതി ഭവനിൽ സ്വാഗതം ചെയ്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. വ്യാപാരം, നിക്ഷേപം, ഭക്ഷ്യസുരക്ഷ, ആരോഗ്യം, സംസ്കാരം, ഊർജം എന്നിവയിൽ ഇരു രാജ്യങ്ങളും വിശ്വസനീയമായ പങ്കാളികളാണെന്ന് രാഷ്ട്രപതി പറഞ്ഞു. ഇന്നൊവേഷൻ, ടെക്നോളജി, സ്റ്റാർട്ട് അപ്പുകൾ എന്നിവയിൽ സഹകരണം വിശാലമാക്കുന്നതിന് ഇരുരാജ്യങ്ങളും തങ്ങളുടെ ശക്തികൾ പ്രയോജനപ്പെടുത്തണമെന്നു ശ്രീമതി മുർമു നിർദ്ദേശിച്ചു. ലോക സമാധാനത്തിനും പുരോഗതിക്കും സമൃദ്ധിക്കും വേണ്ടി ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യവും രാഷ്ട്രപതി ഊന്നിപ്പറഞ്ഞു.

******************************

## QATAR AMIR VISIT - MEA (INTRO)

ഉഭയകക്ഷി ബന്ധത്തിൽ തന്ത്രപ്രധാനമായ പങ്കാളിത്തം വർധിപ്പിക്കുന്നതിന് ഇന്ത്യയും ഖത്തറും ധാരണയായി. പ്രധാനമന്ത്രി നരേന്ദ്രമോദിയും ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽ-താനിയും ഇന്നലെ ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. വ്യാപാരം, ഊർജ്ജം, നിക്ഷേപം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ മേഖലകളിലെ സഹകരണമാണ് പ്രധാനമായും ഇരു നേതാക്കളും ചർച്ച ചെയ്തതെന്ന് വിദേശകാര്യ മന്ത്രാലയത്തിലെ Secretary for Consular, Passport, Visa and Overseas Indian Affairs അരുൺ കുമാർ ചാറ്റർജി പറഞ്ഞു. ഖത്തറുമായി രണ്ട് കരാറുകളിലും അഞ്ച് ധാരണപത്രങ്ങളിലും ഇന്ത്യ ഒപ്പുവെച്ചതായും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

(വോയ്സ്)

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം പ്രതിവർഷം 28 ബില്യൺ ഡോളർ ആക്കുന്നതിനും ധാരണയായതായി ശ്രീ അരുൺ കുമാർ ചാറ്റർജി അറിയിച്ചു.

*****************************

## PRESIDENT - NSS AWARDS

നാഷണൽ സർവീസ് സ്കീം അവാർഡുകൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ രാവിലെ 11.30 നാണ് അവാർഡ് ദാന ചടങ്ങ്. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം ഏർപ്പെടുത്തിയ ഈ അവാർഡുകൾ സന്നദ്ധ സേവന രംഗത്തെ മികവിന് എല്ലാ വർഷവും എൻ എസ് എസ് വോളന്റിയർമാർ, പ്രോഗ്രാം ഓഫീസർമാർ, എൻ എസ് എസ് യൂണിറ്റുകൾ, സർവകലാശാലകൾ എന്നിവയ്ക്കാണ് നൽകുന്നത്.

******************************

## BJP - LEGISLATIVE PARTY MEET

ഡൽഹി ബിജെപി നിയമസഭാ കക്ഷി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ ബിജെപി എംഎൽഎമാരും പാർട്ടിയുടെ മുതിർന്ന നേതാക്കളും ചർച്ചയിൽ പങ്കെടുക്കും. യോഗത്തിൽ ഡൽഹിയുടെ അടുത്ത മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ തീരുമാനമായേക്കും. തീരുമാനമായാൽ സത്യപ്രതിജ്ഞ വ്യാഴാഴ്ച രാജ്യതലസ്ഥാനത്തെ രാംലീല മൈതാനിയിൽ നടക്കും. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ 70ൽ 48 സീറ്റും ബിജെപി നേടിയിരുന്നു.

******************************

## SHAH- J&K CRIMINAL LAW

ഈ വർഷം ഏപ്രിലോടെ കേന്ദ്രഭരണപ്രദേശത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ പൂർണമായി നടപ്പാക്കുമെന്ന് ഉറപ്പാക്കാൻ ജമ്മു കാശ്മീർ ഭരണകൂടത്തോട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആവശ്യപ്പെട്ടു. ജമ്മു കശ്മീരിൽ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഇന്നലെ ഡൽഹിയിൽ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുടെയും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുടെയും സാന്നിധ്യത്തിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. പുതിയ നിയമങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്ക് 100 ശതമാനം പരിശീലനം എത്രയും വേഗം ഉറപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു. മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ പ്രകാരം വേഗത്തിലുള്ള നീതി ഉറപ്പാക്കാൻ സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തണമെന്നും ശ്രീ ഷാ പറഞ്ഞു.

പുതിയ നിയമങ്ങളെക്കുറിച്ച് ജമ്മു കശ്മീരിലെ ജനങ്ങളെ ബോധവത്കരിക്കാൻ ശ്രമിക്കുമെന്ന് യോഗത്തിന് ശേഷം മുഖ്യമന്ത്രി ഒമർ അബ്ദുള്ള മാധ്യമങ്ങളോട് പറഞ്ഞു.

*****************************

## MAHAKUMBH-EXTENSION

പ്രയാഗ്‌രാജ് മഹാകുംഭമേള ഈ മാസം 26 ന് സമാപിക്കും. കുംഭമേള നീട്ടിവച്ചതായി സമൂഹ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്ന വാർത്തകൾ വ്യാജമാണെന്ന് പ്രയാഗ്‌രാജ് ജില്ലാ മജിസ്‌ട്രേറ്റ് രവീന്ദ്ര മന്ദാദ് വ്യക്തമാക്കി . മേളയുമായി ബന്ധപെട്ടുള്ള അഭ്യൂഹങ്ങൾ ഉത്തർപ്രദേശ് സർക്കാരും മഹാകുംഭമേള അതോറിറ്റിയും തള്ളി. ഫെബ്രുവരി 26 ന് തന്നെ മഹാകുംഭമേള സമാപിക്കുമെന്നും , തുടർന്നുള്ള ദിവസങ്ങളിൽ ജനങ്ങൾക്ക് സുഗമമായ ദർശനം, പുണ്യസ്നാനം നടത്തിയ ശേഷമുള്ള മടക്കയാത്ര എന്നിവയ്ക്കുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതുമായിരിക്കുമെന്ന് ജില്ലാ മജിസ്‌ട്രേറ്റ് അറിയിച്ചു.

*****************************

## UKRAINE-US-RUSSIA

യുദ്ധം അവസാനിപ്പിക്കാൻ സമവായ ചർച്ചകൾക്ക് ഒരു സംഘത്തെ നിയോഗിക്കാൻ യു എസും റഷ്യയും തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ പുതിയ ആവശ്യമുയർത്തി യുക്രൈൻ. എല്ലാ സമവായ ചർച്ചകളിലും യുക്രൈനിനെ പങ്കെടുപ്പിക്കണമെന്ന് പ്രസിഡൻറ് വൊളേഡിമർ സെലൻസ്കി ആവശ്യപ്പെട്ടു. മുമ്പ് നടന്ന സമവായ ചർച്ചകളിൽ യുക്രൈനിന് പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നില്ല. യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകളിൽ യുക്രൈന്റെ പ്രാതിനിധ്യംകൂടി ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

*****************************

## SREE CHITRA - JP NADDA

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ പുതിയ മന്ദിരോദ്ഘാടനം കേന്ദ്ര മന്ത്രി ജെ.പി നഡ്ഡയും, കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗും ചേർന്ന് നാളെ നിർവ്വഹിക്കും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ആരോഗ്യ മന്ത്രി വീണാ ജോർജ്, ശശി തരൂർ എംപി, തുടങ്ങിയവർ പങ്കെടുക്കും.

*****************************

## GOVT - RURAL GRANT

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റായി പഞ്ചാബ്, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലെ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ 562 കോടി രൂപ അനുവദിച്ചു. പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്കും ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി അനുവദിക്കുന്ന ഈ ഗ്രാന്റുകൾ ജനാധിപത്യത്തെ ശാക്തീകരിക്കുന്നതിൽ നിർണായക പങ്കാണ് വഹിക്കുന്നതെന്ന് കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം വ്യക്തമാക്കി.

*****************************

## PM-SUNAK

യുകെ മുൻ പ്രധാനമന്ത്രി ഋഷി സുനക് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നിരവധി വിഷയങ്ങളിൽ ഇരുവരും ചർച്ച ചെയ്തതായി സമൂഹ മാധ്യമത്തിലൂടെ ശ്രീ മോദി പറഞ്ഞു. ഇന്ത്യ-യുകെ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്ന ഇന്ത്യയുടെ സുഹൃത്താണ് ഋഷി സുനക് എന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

*****************************

## ECI-CEC CHARGE

മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറായി ഗ്യാനേഷ് കുമാർ ഇന്ന് ചുമതലയേൽക്കും. രാജീവ് കുമാർ വിരമിച്ച ഒഴിവിലേക്കാണ് ഗ്യാനേഷ് കുമാർ എത്തുന്നത്. 1988 ബാച്ച് കേരള കേഡർ IAS ഉദ്യോഗസ്ഥനാണ് ശ്രീ ഗ്യാനേഷ് കുമാർ. പാർലമെന്ററി കാര്യ മന്ത്രാലയം സെക്രട്ടറിയായി അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

*****************************

## RAILWAY- MINISTER V. SOMANNA

കേന്ദ്ര റെയിൽവേ, സഹമന്ത്രി V. സോമണ്ണ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സൌത്ത് റെയിൽവേ സ്റ്റേഷനുകൾ സന്ദർശിച്ചു. സെൻട്രൽ റെയിൽവെ സ്റ്റേഷനിലെ പുനർവികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത അദ്ദേഹം, രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകി.

*****************************

## LEVEL CROSS- MUHAMMAD RIAZ

ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന എട്ട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നടപ്പു വർഷം പൂർത്തിയാക്കുക യാണ് ലക്ഷ്യം എന്ന് മന്ത്രി മുഹമ്മദ് റിയാസ്. എറണാകുളം ജില്ലയിൽ മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് 60 മേൽ പാലങ്ങളുടെ നിർമ്മാണത്തിനായി 2,028 കോടി രൂപ വകയിരുത്തിയതിൽ 1,800 കോടി രൂപ കിഫ്ബി വഴിയാണ് കണ്ടെത്തിയത് എന്ന് അദ്ദേഹം പറഞ്ഞു.

*****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് ഈ മാസം 23-ന്. മൻകി ബാത്തിന്റെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റേയും എല്ലാ നിലയങ്ങളും പരിപാടി തത്സമയം ലഭ്യമാക്കും.

*****************************

## KIREN RIJIJU - HAJ PILGRIMS (INTRO)

ഹജ്ജ് തീർത്ഥാടനം നടത്തുന്ന ഹാജിമാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പരമപ്രധാനമാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ ജാമിയ മിലിയ ഇസ്ലാലിയ സർവ്വകലാശാലയിൽ ഹജ്ജ് വാക്കത്തോൺ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മക്കയിലും മദീനയിലും ഹജ്ജ് തീർത്ഥാടന കമ്മിറ്റി നടത്തുന്ന പ്രവർത്തനങ്ങളെയും ശ്രീ.കിരൺ റിജിജു അഭിനന്ദിച്ചു.

(VOICE)

*****************************

## MORN ICC-CHAMPIONS TROPHY

ഐസിസി ചാമ്പ്യൻസ് ട്രോഫിയുടെ ഒമ്പതാം പതിപ്പിന് ഇന്ന് തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ പാകിസ്ഥാൻ ന്യൂസിലൻഡിനെ നേരിടും. കറാച്ചിയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30നാണ് മത്സരം. രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ ടീം നാളെ ബംഗ്ലാദേശിനെ നേരിടും.

*****************************

## WOMENS PREMIER LEAGUE

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിന് ജയം. ഗുജറാത്തിലെ വഡോദരയിൽ നടന്ന മത്സരത്തിൽ, ഗുജറാത്ത് ജയന്റ്സിനെ അഞ്ച് വിക്കറ്റിനാണ് അവർ പരാജയപ്പെടുത്തിയത്.

*****************************

## MORN ASIAN CUP-TABLE TENNIS

ITTF-ATTU ഏഷ്യൻ കപ്പ് ടേബിൾ ടെന്നീസ് ടൂർണമെന്റിന് ഇന്ന് ചൈനയിലെ ഷെൻഷെനിൽ തുടക്കമാകും. അഞ്ച് തവണ ഒളിമ്പ്യനും നിലവിലെ കോമൺവെൽത്ത് ഗെയിംസ് സിംഗിൾസ് ചാമ്പ്യനുമായ ശരത് കമലാണ് ഇന്ത്യൻ പുരുഷ ടീമിനെ നയിക്കുന്നത്.

*****************************

## HOCKEY- FIH

ഭുവനേശ്വറിലെ കലിംഗ ഹോക്കി സ്റ്റേഡിയത്തിൽ നടക്കുന്ന പുരുഷൻമാരുടെ എഫ്ഐഎച്ച് പ്രോ ഹോക്കി ലീഗിൽ നിലവിലെ ലോക ചാമ്പ്യന്മാരായ ജർമ്മനി ഇന്ത്യയെ പരാജയപ്പെടുത്തി. ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ഇന്ത്യ തോൽവി ഏറ്റുവാങ്ങിയത്. ഇന്ന് വൈകുന്നേരം കലിംഗ ഹോക്കി സ്റ്റേഡിയത്തിൽ ഇന്ത്യയും ജർമ്മനിയും വീണ്ടും ഏറ്റുമുട്ടും. ഇന്ത്യൻ വനിതാ ടീം ഇന്ന് സ്പെയിനുമായി മത്സരിക്കും.

*****************************

## REV. GOVT-UNEMPLOYMENT LABOUR FORCE

രാജ്യത്തെ നഗരപ്രദേശങ്ങളിലെ 15 വയസ്സിന് മുകളിലുള്ളവരുടെ തൊഴിൽലില്ലായ്മ നിരക്കിൽ 6.4 ശതമാനം കുറവ് രേഖപ്പെടുത്തിയാതായി കേന്ദ്ര സർക്കാർ. ഒക്ടോബർ - ഡിസംബർ കാലയളവിലെ കണക്കാണിത്. 2024 ഒക്ടോബർ - ഡിസംബർ കാലയളവിൽ തൊഴിലിൽ ഏർപ്പെടുന്നവരുടെ നിരക്ക് 50.4

ശതമാനമായി വർധിച്ചിട്ടുണ്ടെന്നും Statistics and Programme Implementation മന്ത്രാലയം അറിയിച്ചു.

*****************************

## PAK-TERRORISTS KILLED

പാകിസ്ഥാനിലെ ഖൈബർ പഖ്തുൻഖ്വ പ്രവിശ്യയിൽ 30-ഓളം ഭീകരരെ വധിച്ചതായി പാകിസ്ഥാൻ സുരക്ഷാ സേന. പാക് സൈനിക മാധ്യമ വിഭാഗമാണ് ഇക്കാര്യം അറിയിച്ചത്. ഇന്റലിജൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഭീകരരെ പിടികൂടാനുള്ള നടപടി ആരംഭിച്ചത്. പാക് സൈന്യത്തെ അഭിനന്ദിക്കുന്നതായി പ്രധാനമന്ത്രിയും ഖൈബർ പ്രവിശ്യ ഗവർണറുമായ ഷെഹ്ബാസ് ഷരീഫ് പറഞ്ഞു.

*****************************

## GUJARAT ASSEMBLY SESSION

ഗുജറാത്ത് നിയമസഭയുടെ ബജറ്റ് സമ്മേളനം ഇന്ന് ആരംഭിക്കും. ഗവർണറുടെ പ്രസംഗത്തോടെയാണ് സമ്മേളനം ആരംഭിക്കുക. സംസ്ഥാന ധനമന്ത്രി കനുഭായ് ദേശായി നാളെ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും.

*****************************

## MIZORAM-BUDGET SESSION

മിസോറാം നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കമാകും . മിസോറം ഗവർണർ, ജനറൽ (റിട്ട) വിജയ് കുമാർ സിങ്ങിന്റെ പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാകുക.

****************************************************************************************